പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4001 25.06.2014 - ൽ മറുപടിക്ക്

## കായംകുളം നഗരസഭയിൽ പകർച്ചവ്യാധി നിയന്ത്രണ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.സദാശിവൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| എ) പകർച്ചവ്യാധി നിയന്ത്രണ പരിപാടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ കായംകുളം നഗരസഭയിൽ 44 വാർഡുകളിലേക്ക് എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്; | എ) ഒരു സ്ഥിരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും, താത്കാലിക അടിസ്ഥാനത്തിലുള്ള ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും, കായംകുളം നഗരസഭയുടെ പരിധിയിൽ, ആരോഗ്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട് |
| ബി) ഇപ്പോൾ നിലവിലുള്ള ആരോഗ്യ പ്രവർത്തകരുടെ എണ്ണം പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ കഴിയത്തക്ക തരത്തിലുള്ളതാണോ; | ബി) & സി) കായംകുളം നഗരസഭയുടെ പരിധിയിൽ, നിലവിലെ സാഹചര്യത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യം ഉണ്ടാകുന്ന പക്ഷം, കൂടുതൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ് |
| സി) മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കായംകുളം നഗരസഭയിലേക്ക് കൂടുതൽ ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ